ENTRI

# കേന്ദ്ര ബഡ്ജറ്റ് 2025 - 2026

- മൂന്നാം മോദി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബഡ്ജറ്റ് (ഫെബ്രുവരി 1 2025).
- ബജറ്റ് അവതരിപ്പിച്ചത്: ധനമന്ത്രി നിർമ്മല സീതാരാമൻ (1 മണിക്കൂർ 14 മിനിറ്റ്).
- തുടർച്ചയായി ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച ധനമന്ത്രി: നിർമ്മല സീതാരാമൻ (8 തവണ).
- തെലുങ്ക് കവിയും നാടകകൃത്തുമായ ശ്രീ ഗുരജാഡ അപ്പാറാവുവിന്റെ 'ഒരു രാജ്യം എന്നാൽ അതിന്റെ മണ്ണു മാത്രമല്ല; ഒരു രാജ്യം എന്നാൽ അതിന്റെ ജനങ്ങളാണ്' എന്ന പ്രസിദ്ധമായ വാക്യം ഉദ്ധരിച്ച് ധനമന്ത്രി ബഡ്ജറ്റ് അവതരണം ആരംഭിച്ചു.
- 2025 - 26 ബഡ്ജറ്റിന്റെ പ്രമേയം: ' Sabka Vikas'
- ലക്ഷ്യം - വികസിത ഭാരതം

**വികസിത ഭാരതത്തിന്റെ അഭിലാക്ഷങ്ങൾ**

- വളർച്ച ത്വരിതപ്പെടുത്തുക.
- ഏവരെയും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കുക.
- ഇന്ത്യയുടെ ഉയർന്നുവരുന്ന മധ്യവർഗത്തിന്റെ ചെലവ് ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുക.
- സ്വകാര്യ മേഖലയിൽ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുക.
- കുടുംബങ്ങളുടെ വൈകാരികത ഉയർത്തുക.

**ബഡ്ജറ്റ് ലക്ഷ്യം വെക്കുന്ന ജന വിഭാഗങ്ങൾ**

- ദരിദ്രർ (ഗരിബ്)
- യുവാക്കൾ (യൂത്ത്)
- കർഷകർ (അന്നത)
- സ്ത്രീകൾ (നാരി)

**വികസന യാത്രയിലെ വിക്സത്തിന്റെ 4 എൻജിനുകൾ**

1. കൃഷി
2. MSME (Micro, Small, and Medium Enterprises)
3. നിക്ഷേപം
4. കയറ്റുമതി

- ഇന്ധനം/ഊർജം: പരിഷ്കാരങ്ങൾ
- മനോഭാവം: എല്ലാംവരെയും ഉൾപ്പെടുത്തുക
- ലക്ഷ്യം: വികസിതഭാരതം

SSC RRB EXAMS

**ഒന്നാം എഞ്ചിൻ: കൃഷി**

- ലക്ഷ്യം: കാർഷിക വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ഗ്രാമീണ സമൃദ്ധി വർദ്ധിപ്പിക്കുകയും ചെയ്യുക.

**കൃഷി എന്ന എഞ്ചിനു കീഴിൽ വരുന്ന പദ്ധതികൾ**

- **പ്രധാനമന്ത്രി ധൻധാന്യ കൃഷി യോജന:** കാർഷിക ജില്ലകളുടെ വികസന പദ്ധതി: സംസ്ഥാന സർക്കാരുമായി സഹകരിച്ചു 100 കാർഷിക ജില്ലകളെ ഉൾപ്പെടുത്തി 1.7 കോടി കർഷകരേ സഹായിക്കുക.

- **കിസാൻ ക്രെഡിറ്റ് കാർഡ് (KCC) വഴി വർദ്ധിപ്പിച്ച വായ്പ:** KCC കാർഡ് വഴി 7.7 കോടി കർഷകർ, മത്സ്യബന്ധന തൊഴിലാളികൾ,ഡയറി കർഷകർ എന്നിവർക്ക് ഹ്രസ്വകാല വായ്പകൾ 3 ലക്ഷത്തിൽ നിന്ന് 5 ലക്ഷമായി വർദ്ധിപ്പിച്ചു.

- **അത്യുൽപാദനശേഷിയുള്ള വിത്തുകൾക്ക് വേണ്ടി ദേശീയ മിഷൻ:** ഉയർന്ന വിളവ്, കീട പ്രതിരോധം, കാലാവസ്ഥാ അനുകൂലമായ എന്നിവയുള്ള വിത്തുകളുടെ വികസനം, പ്രചരണം എന്നിവക്ക് വേണ്ടി ദേശിയ പദ്ധതി.

- **കോട്ടൺ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതി:** കോട്ടൺ കൃഷിയുടെ ഉത്പാദനക്ഷമതയും സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിനുള്ള 5 വർഷ പദ്ധതി.

- **ബിഹാറിലെ മഖാന ബോർഡ്:** മഖ്ന താമര വിത്തിന്റെ ഉത്പാദനം, പ്രോസസ്സിംഗ്, മൂല്യവർദ്ധന, മാർക്കറ്റിംഗ്, FPO എന്നിവ മെച്ചപ്പെടുത്തുന്നതിന് ബോർഡ് സ്ഥാപിക്കും.

- **പയറുവർഗ്ഗങ്ങളിൽ ആത്മനിർബന്ധത/ സ്വയം പര്യാപ്തത:** തുർ, ഉദ്, മസൂർ എന്നിവയിൽ പ്രത്യേക ശ്രദ്ധ നൽകുന്ന വർഷത്തേക്കുള്ള പദ്ധതി ആരംഭിക്കുന്നു. കാലാവസ്ഥാ സ്ഥിരതയുള്ള വിത്തുകളുടെ വികസനവും വാണിജ്യ ലഭ്യതയും. പ്രോട്ടീൻ ഭക്ഷണം വർദ്ധിപ്പിക്കൽ. ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ. കൊയ്ത്തിനു ശേഷമുള്ള സംഭരണവും വിതരണവും മെച്ചപ്പെടുത്തൽ, കർഷകർക്ക് ലാഭകരമായ വില ഉറപ്പാക്കൽ.

- **ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് ഉത്തേജകമാകുന്ന ഇന്ത്യൻ പോസ്റ്റ് ഓഫീസ് പരിഷ്കാരങ്ങൾ:** ഗ്രാമീണ കണിറ്റി ഹബ്, സ്ഥാപന അക്കൗണ്ട് സേവനങ്ങൾ: DBT, ക്യാഷ് ഔട്ട്, ഇഎംഐ  പിക്കപ്പ്, മൈക്രോ എന്റർപ്രൈസസുകൾക്ക് ക്രെഡിറ്റ് സേവനങ്ങൾ, ഇൻഷുറൻസ്, സഹായിത ഡിജിറ്റൽ സേവനങ്ങൾ എന്നിവയുടെ വികസനം.

**രണ്ടാമത്തെ എൻജിൻ: MSME (Micro, Small, and Medium Enterprises)**

- ലക്ഷ്യം: MSME കൾക്ക് പിന്തുണ 8 മേക്ക് ഇൻ ഇന്ത്യയെ പ്രോത്സാഹിപ്പിക്കുക.

**MSME എന്ന എഞ്ചിനു കീഴിൽ വരുന്ന പദ്ധതികൾ**

- **മൈക്രോ എന്റർപ്രൈസസുകൾക്കായുള്ള ക്രെഡിറ്റ് കാർഡുകൾ:** ഉദയം പോർട്ടലിൽ രജിസ്റ്റർ ചെയ്ത മൈക്രോ എന്റർപ്രൈസസുകൾക്കായി 5 ലക്ഷം രൂപ പരിധിയുള്ള ഇഷ്ടാനുസൃതമായ ക്രെഡിറ്റ് കാർഡുകൾ നൽകും. ആദ്യ വർഷത്തിൽ അത്തരം കാർഡുകൾക്ക് 10 ലക്ഷം രൂപ വരെ വായ്പ നൽകും.

- **ആദ്യമായി സംരംഭം ആരംഭിക്കുന്നവർക്കുള്ള പദ്ധതി:** ആദ്യമായി സംരംഭം ആരംഭിക്കുന്ന, സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗ്ഗത്തിൽ ഉൾപ്പെടെയുള്ള 5 ലക്ഷം പേർക്ക്

SSC RRB EXAMS

ENTRI

അടുത്ത 5 വർഷത്തിനുള്ളിൽ 2 കോടി രൂപ വരെ ടേം ലോൺ നൽകുന്നതിനായി ഒരു പുതിയ പദ്ധതി ആരംഭിക്കും.

- **ഇനിപ്പറയുന്ന ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി നിർമ്മാണ മിഷൻ:** ചിലവ് കുറഞ്ഞതും എളുപ്പവും ബിസ്സിനെസ്സുകൾ ആരംഭിക്കാൻ, ഡിമാൻഡ് ഉള്ള ജോലികൾക്കായി ഭാവിയിൽ തൊഴിലാളികളെ സജ്ജരാക്കുക.
- **ജീവനുള്ളതും ചലനാത്മകവുമായ MSME മേഖല സൃഷ്ടിക്കുക:** സാങ്കേതികവിദ്യ ലഭ്യമാക്കുക, ഗുണമേന്മയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുക, കാലാവസ്ഥസൗഹൃദ വികസനത്തിനായി ക്ലീൻ ടെക് നിർമ്മാണം.

**ജോലി സാന്ദ്രമായ മേഖലകൾക്കുള്ള നടപടികൾ താഴെ കൊടുക്കുന്നു:**

- **ഫൂട്വെയർ & ലെതർ മേഖലകൾക്കായുള്ള ഫോക്കസ് പ്രൊഡക്ട് സ്കീം:** ഈ സ്കീം 22 ലക്ഷം പേർക്ക് തൊഴിൽ അവസരങ്ങൾ നൽകുകയും 4 ലക്ഷം കോടി രൂപ ടേൺഓവറും 1.1 ലക്ഷം കോടി രൂപയുടെ കയറ്റുമതി സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- **കളിപ്പാട്ട നിർമ്മാണ മേഖലയ്ക്കുള്ള നടപടികൾ:** കളിപ്പാട്ട ക്ലസ്റ്ററുകളുടെ വികസനം, വൈദഗ്ത്വം വികസനം, നിർമ്മാണ ഇക്കോസിസ്റ്റം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, ഉയർന്ന നിലവാരമുള്ളതും, നൂതനവുമായ കളിപ്പാട്ടങ്ങൾ സൃഷ്ടിക്കുക, ഈ പദ്ധതി 'മെയ്ഡ് ഇൻ ഇന്ത്യ' ബ്രാൻഡിനെ പ്രതിനിധീകരിക്കുന്നു.
- **ഫുഡ് പ്രോസസ്സിംഗിനുള്ള പിന്തുണ:** ബിഹാറിൽ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി സ്ഥാപിക്കും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, യുവജനങ്ങൾക്ക് വൈദഗ്ത്വം, സംരംഭകത്വം, തൊഴിൽ അവസരങ്ങൾ എന്നിവ നൽകുക.

**മൂന്നാമത്തെ എൻജിൻ: നിക്ഷേപം**

- ലക്ഷ്യം: "Investing in people, economy, and innovation" ജനങ്ങളിലും സമ്പദ്വ്യസ്ഥയിലും, നവീകരണത്തിലുമുള്ള നിക്ഷേപം

**നിക്ഷേപം എന്ന എൻജിനു കീഴിൽ വരുന്ന പദ്ധതികൾ**

- **സക്ഷം അംഗനവാടി 6 പോഷൻ 2.0:** ഇത് സംയോജിത പോഷകാഹാര സഹായ പരിപാടിയാണ്. കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിലെ പോഷകാഹാരക്കുറവിന്റെ വെല്ലുവിളികൾ നേരിടാൻ വേണ്ടി.
- **IIT കളുടെ വികസനം:** രാജ്യത്തെ 5 IIT കളുടെ സമഗ്ര വികസനം ഇതിൽ കേരളത്തിൽ നിന്നുള്ള പാലക്കാട് IIT യും ഉൾപ്പെടുന്നു.
- ജില്ലാ ആശുപത്രികളിൽ ഡേ കെയർ ക്യാൻസർ സെന്ററുകൾ.
- **ഭാരതീയ ഭാഷാ പുസ്തക പദ്ധതി:** സ്കൂളുകൾക്കും ഉന്നത വിദ്യാഭ്യാസത്തിനുമായി ഡിജിറ്റൽ രൂപത്തിലുള്ള ഇന്ത്യൻ ഭാഷാ പുസ്തകങ്ങൾ നൽകുന്ന പദ്ധതി.
- **മികവിന്റെ അഞ്ച് ദേശീയ കേന്ദ്രങ്ങൾ സ്ഥാപിക്കും:** മേക്ക് ഫോർ ഇന്ത്യ, മേക്ക് ഫോർ ദി വേൾഡ് നിർമാണത്തിന് ആവശ്യമായ കഴിവുകൾ നമ്മുടെ യുവാക്കളിൽ സജ്ജമാക്കുന്നതിന് ആഗോള വൈദഗ്ധ്യവും പങ്കാളിത്തവും ഉപയോഗിച്ച് നൈപുണ്യവികസനത്തിനായുള്ള മികവിന്റെ അഞ്ച് ദേശീയ കേന്ദ്രങ്ങൾ സ്ഥാപിക്കും.

- ❖ ഭാരത് പദ്ധതിയുടെ കീഴിൽ ഗ്രാമപ്രദേശങ്ങളിലെ എല്ലാ ഗവണ്മെന്റ് സെക്കൻഡറി സ്കൂളുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ബ്രോഡ്ബാൻഡ് സൗകര്യം ഏർപ്പെടുത്തും.
- ❖ മൊത്തം 500 കോടി രൂപ ചെലവിൽ വിദ്യാഭ്യാസത്തിനായുള്ള നിർമിതബുദ്ധി മികവിന്റെ കേന്ദ്രം സ്ഥാപിക്കും.
- ❖ **അടൽ ടിങ്കറിങ് ലാബുകൾ സ്ഥാപിക്കും:** ജനങ്ങളിലെ നിക്ഷേപത്തിനു കീഴിൽ, അടുത്ത 5 വർഷത്തിനുള്ളിൽ ഗവണ്മെന്റ് സ്കൂളുകളിൽ 50,000 അടൽ ടിങ്കറിങ് ലാബുകൾ സ്ഥാപിക്കും.
- ❖ **ഓൺലൈൻ തൊഴിലാളികളുടെ ക്ഷേമം:** ഗിഗ് തൊഴിലാളികൾക്കു തിരിച്ചറിയൽ കാർഡുകൾ നൽകും, ഇ-ശ്രമം പോർട്ടലിൽ രജിസ്ട്രേഷൻ നടത്തി, പിഎം ജൻ ആരോഗ്യ യോജനപ്രകാരം ഗവണ്മെന്റ് അവർക്ക് ആരോഗ്യപരിരക്ഷ നൽകുമെന്നും ബജറ്റ് പ്രഖ്യാപിച്ചു. (ഗിഗ് തൊഴിലാളി - ഓൺലൈൻ തത്കാലിക തൊഴിലാളി).
- ❖ **PM SVANidhi:** തെരുവ് കച്ചവടക്കാർക്ക് വായ്പ നൽകുന്നതിന് മാത്രമല്ല, അവരുടെ സമഗ്ര വികസനത്തിനും സാമ്പത്തിക ഉന്നമനത്തിനും വേണ്ടി അവരെ ശാക്തീകരിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം PM സ്ട്രീറ്റ് വെണ്ടേഴ്സ് ആത്മനിർഭർ നിധി (PM SVANIdhi) പദ്ധതി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം UPI ലിങ്ക്ഡ് ക്രെഡിറ്റ് കാർഡുകൾ, ലോണുക്കൾ എന്നിവ നൽകും ഈ ബഡ്ജറ്റ് ൽ പ്രഖ്യാപിച്ചു.
- ❖ **മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ വിപുലീകരണം:** 10,000 അധിക സീറ്റുകൾ നൽകും അടുത്ത 5 വർഷത്തിനുള്ളിൽ 75,000 സീറ്റുകൾ കൂട്ടിച്ചേർക്കുക എന്നതാണ് ലക്ഷ്യം.
- ❖ **സംസ്ഥാനങ്ങളുടെ വികസനത്തിന്:** സംസ്ഥാനങ്ങൾക്കു മൂലധന ചെലവിനും പരിഷ്കാരങ്ങൾക്കുള്ള പ്രോത്സാഹനങ്ങൾക്കുമായി 50 വർഷത്തെ പലിശരഹിത വായ്പ നൽകാൻ ഒന്നരലക്ഷം കോടി രൂപ വകയിരുത്തി.
- ❖ **ജൽ ജീവൻ മിഷൻ:** "ജനപങ്കാളിത്തം" വഴി അടിസ്ഥാനസൗകര്യങ്ങളുടെ ഗുണനിലവാരത്തിലും പൈപ്പിലൂടെയുള്ള ഗ്രാമീണ ജലവിതരണപദ്ധതികളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ജൽ ജീവൻ ദൗത്യം 2028 വരെ ദീർഘിപ്പിച്ചു.
- ❖ **വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ:** പ്രോത്സാഹനം നൽകുക: വൈദ്യുതി വിതരണ പരിഷ്കാരങ്ങൾക്കും ഇൻട്രാസ്റ്റേറ്റ് ട്രാൻസ്മിഷന്റെ വർദ്ധനയും. ഈ പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് GSDP യുടെ 0.5% അധിക കടമെടുക്കൽ പരിധി.
- ❖ **ആസ്തി ധനസമ്പാദന പദ്ധതി 2025 - 30:** പുതിയ പദ്ധതികളിൽ 10 ലക്ഷം കോടി രൂപയുടെ മൂലധനം സമാഹരിക്കുന്നതിനുള്ള രണ്ടാമത്തെ ആസ്തി ധനസമ്പാദന പദ്ധതി 2025- 30 ഉം ധനമന്ത്രി പ്രഖ്യാപിച്ചു.
- ❖ **അർബൻ ചലഞ്ച് ഫണ്ട്:** 'നഗരങ്ങളെ വളർച്ചാകേന്ദ്രങ്ങളാക്കൽ', 'നഗരങ്ങളുടെ സർഗാത്മക പുനർവികസനം', 'ജലവും ശുചിത്വവും' എന്നീ പദ്ധതികൾ നടപ്പാക്കുന്നതിനായി ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ടിനു ഗവണ്മെന്റ് രൂപം നൽകും.

SSC RRB EXAMS

ENTRI

- **മാരിടൈം ഡെവലപ്മെന്റ് ഫണ്ട്:** സർക്കാരിന്റെ 49% വരെ വിഹിതത്തോടെ ദീർഘകാല ധനസഹായത്തിനായി 25,000 കോടി രൂപയുടെ മാരിടൈം ഡെവലപ്മെന്റ് ഫണ്ട്.
- **വികസിത ഭാരത് നുവേണ്ടി ന്യൂക്ലിയർ എനർജി പദ്ധതി:** സ്വകാര്യമേഖലയുടെ സജീവ പങ്കാളിത്തത്തിനായി ആണവോർജ നിയമത്തിലും സിവിൽ ലയബിലിറ്റി ഫോർ ന്യൂക്ലിയർ ഡാമേജ് നിയമത്തിലും ഭേദഗതികൾ കൊണ്ടുവരും.
- UDAN: അടുത്ത 10 വർഷത്തിനുള്ളിൽ പുതിയ 120 പ്രാദേശിക സ്ഥലങ്ങളിൽലേക്ക് വിമാന കണക്റ്റിവിറ്റി, ഇത് 4 കോടി യാത്രക്കാർക്ക് സഹായകമാകും.
- **ബീഹാറിന്റെ ഭാവിക്ക് വേണ്ടി:** ഗ്രീൻഫീൽഡ് എയർപോർട്ടുകൾ, വെസ്റ്റേൺ കോഷി കനാൽ ERM പ്രോജക്സിനുള്ള സാമ്പത്തിക സഹായം.
- **UDAN:** അടുത്ത 10 വർഷത്തിനുള്ളിൽ പുതിയ 120 പ്രാദേശിക സ്ഥലങ്ങളിൽലേക്ക് വിമാന കണക്റ്റിവിറ്റി, ഇത് 4 കോടി യാത്രക്കാർക്ക് സഹായകമാകും.
- **തൊഴിലധിഷ്ഠിത വളർച്ചയ്ക്ക് ടൂറിസം:** മികച്ച 50 വിനോദസഞ്ചാര കേന്ദ്രങ്ങൾ സംസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കും, കാര്യക്ഷമമായ ഇ-വിസ സൗകര്യങ്ങൾ, നമ്മുടെ യുവാക്കൾക്കായി തീവ്രമായ നൈപുണ്യ വികസന പരിപാടികൾ, സംസ്ഥാനങ്ങളുടെ പ്രകടനവുമായി ബന്ധപ്പെട്ട പ്രോത്സാഹനങ്ങൾ, ഹോംസ്റ്റേകൾക്കുള്ള മുദ്ര ലോണുകൾ, യാത്രാ സൗകര്യവും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള കണക്റ്റിവിറ്റിയും.
- **ഗവേഷണം, നവികരണം 6 വികസനം എന്നിവക്ക് വേണ്ടി:** നവീകരണത്തിലെ നിക്ഷേപത്തിനു കീഴിൽ, സ്വകാര്യമേഖല നയിക്കുന്ന ഗവേഷണവികസനനവീകരണ സംരംഭങ്ങൾ നടപ്പാക്കുന്നതിനായി 20,000 കോടി വകയിരുത്തി.
- **ജിയോസ്പേഷ്യൽ ദൗത്യം:** നഗരാസൂത്രണത്തിന് ഗുണം ചെയ്യുന്ന അടിസ്ഥാന ജിയോസ്പേഷ്യൽ സൗകര്യങ്ങളും ഡേറ്റയും വികസിപ്പിക്കുന്നതിനുള്ള ദേശീയ ജിയോസ്പേഷ്യൽ ദൗത്യവും.
- **ഗ്യാൻ ഭാരത് മിഷൻ (ജ്ഞാനഭാരതം ദൗത്യം):** അക്കാദമിക സ്ഥാപനങ്ങൾ, പ്രദർശനാലയങ്ങൾ, ലൈബ്രറികൾ, സ്വകാര്യ ശേഖരണക്കാർ എന്നിവരുമായി ചേർന്ന് ഒരു കോടിയിലധികം കൈയെഴുത്തുപ്രതികളുടെ സർവേ, രേഖപ്പെടുത്തൽ, സംരക്ഷണം എന്നിവയ്ക്കായി ജ്ഞാനഭാരതം ദൗത്യം ബജറ്റ് മുന്നോട്ടുവച്ചു. അറിവു പങ്കിടലിനായി ഇന്ത്യയുടെ വിജ്ഞാന സംവിധാനങ്ങളുടെ ദേശീയ ഡിജിറ്റൽ ശേഖരണവും നിർദേശിക്കപ്പെട്ടിട്ടുണ്ട്.
- **വിളകളുടെ ജെർംപ്ലാസ്മിനുള്ള ജീൻ ബാങ്ക്:** ഭാവിയിലെ ഭക്ഷ്യപോഷകാഹാര സുരക്ഷയ്ക്കായി 10 ലക്ഷം ജെർപ്ലാസം ലൈനുകളുള്ള രണ്ടാമത്തെ ജീൻ ബാങ്ക് സ്ഥാപിക്കും.
- **PM റിസർച്ച് ഫെലോഷിപ്പ്:** IIT & IISc കളിലെ സാങ്കേതിക ഗവേഷണത്തിന് പതിനായിരം ഫെലോഷിപ്പുകൾ നൽകും.

SSC RRB EXAMS

**നാലാമത്തെ എൻജിൻ: കയറ്റുമതി**

- **കയറ്റുമതി പ്രോത്സാഹന ദൗത്യം:** വാണിജ്യ - MSME ധനകാര്യ മന്ത്രാലയങ്ങളുടെ സംയുക്ത നേതൃത്വത്തിൽ, കയറ്റുമതി പ്രോത്സാഹന ദൗത്യം. MSME കളെ കയറ്റുമതി വിപണി പ്രയോജനപ്പെടുത്താൻ സഹായിക്കും.

- **ഭാരത് ട്രേഡ് നെറ്റ് (BTN):** വ്യാപാരരേഖകൾ ശേഖരിച്ച് ഉപയോഗപ്പെടുത്തുന്നതിനും ധനസഹായ പ്രതിവിധികൾക്കുമുള്ള ഏകീകൃത സംവിധാനമായി അന്താരാഷ്ട്ര വ്യാപാരത്തിനായുള്ള 'ഭാരത് ട്രേഡ് നെറ്റ്' (BTN) എന്ന ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യം.

- **GCC ക്കുള്ള ദേശീയ ചട്ടക്കൂട്:** വളർന്നുവരുന്ന ടയർ 2 നഗരങ്ങളിൽ ആഗോള ശേഷി കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകും.

- **എയർ കാർഗോയ്ക്കുള്ള വെയർഹൗസിംഗ് സൗകര്യം:** ഉയർന്ന മൂല്യമുള്ളതും വേഗം കേടുവരുന്നതുമായ ഹോർട്ടികൾച്ചർ ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് വ്യോമമാർഗമുള്ള ചരക്കുനീക്ക അടിസ്ഥാനസൗകര്യങ്ങളുടെയും സംഭരണത്തിന്റെയും നവീകരണം ഗവണ്മെന്റ് സുഗമമാക്കും.

**ഇന്ധനമായി പരിഷ്കാരങ്ങൾ**

- **സാമ്പത്തിക മേഖലയിലെ വികസനവും പരിഷ്കാരങ്ങളും:** ഇൻഷുറൻസിനുള്ള നേരിട്ടുള്ള വിദേശനിക്ഷേപ (എഫ്ഡിഐ) പരിധി 74 ശതമാനത്തിൽ നിന്ന് 100 ശതമാനമായി ഉയർത്താൻ കേന്ദ്ര ധനമന്ത്രി നിർദ്ദേശിച്ചു, ഇത് മുഴുവൻ പ്രീമിയവും ഇന്ത്യയിൽ നിക്ഷേപിക്കുന്ന കമ്പനികൾക്ക് ലഭ്യമാകും, SHG അംഗങ്ങളുടെയും ഗ്രാമീണ മേഖലയിലെ ജനങ്ങളുടെയും വായ്പ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഗ്രാമീൺ ക്രെഡിറ്റ് സ്കോർ ചട്ടക്കൂട്, അടിസ്ഥാന സൗകര്യങ്ങൾക്കായി കോർപ്പറേറ്റ് ബോണ്ടുകൾക്കായി 'പാർഷ്യൽ ക്രെഡിറ്റ് എൻഹാൻസ്മെന്റ് ഫെസിലിറ്റി' സ്ഥാപിക്കാൻ NaBFID, നവീകരിച്ച സെൻട്രൽ KYC രജിസ്ട്രി 2025 ൽ പുറത്തിറക്കും, കമ്പനി ലയനങ്ങൾ വേഗത്തിൽ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ യുക്തിസഹമാക്കൽ.

- ഇൻകം ടാക്സ് ആക്ട് 1960 നു പകരം പുതിയ ഇൻകം ടാക്സ് ആക്ട് ഈ വർഷം കൊണ്ട് വരും.

**ലഘുസ്പർശ നിർവഹണ ചട്ടക്കൂട് (ലൈറ്റ്ടച്ച്  റെഗുലേറ്ററി ഫ്രെയിംവർക്ക്)**

- ഉൽപാദനക്ഷമതയും തൊഴിലും സ്വതന്ത്രമാക്കുന്നതിന്, തത്വങ്ങളെയും വിശ്വാസത്തെയും അടിസ്ഥാനമാക്കിയുള്ള ഒരു ലഘുസ്പർശ നിർവഹണ ചട്ടക്കൂട് ( ലൈറ്റ്ടച്ച് റെഗുലേറ്ററി ഫ്രെയിംവർക്ക്).

**ചട്ടക്കൂട് വികസിപ്പിക്കുന്നതിനായി നാല് നിർദ്ദിഷ്ട നടപടികൾ നിർദ്ദേശിക്കുന്നു:**

1. റെഗുലേറ്ററി പരിഷ്കാരങ്ങൾക്കായുള്ള ഉന്നതതല സമിതി.

2. സംസ്ഥാനങ്ങളുടെ നിക്ഷേപ സൗഹൃദ സൂചിക.

3. **സാമ്പത്തിക സ്ഥിരത വികസന കൗൺസിലിന് (ഫിനാൻഷ്യൽ സ്റ്റബിലിറ്റി ആന്റ് ഡെവലപ്മെന്റ് കൗൺസിൽ FSDC) കീഴിലുള്ള സംവിധാനം:** നിലവിലെ സാമ്പത്തിക നിയന്ത്രണങ്ങളുടെയും അനുബന്ധ നിർദ്ദേശങ്ങളുടെയും സ്വാധീനം

വിലയിരുത്തുന്നതിനുള്ള സംവിധാനം, സാമ്പത്തിക മേഖലയുടെ പ്രതികരണശേഷിയും വികസനവും വർദ്ധിപ്പിക്കുന്നതിന് ഒരു ചട്ടക്കൂട് രൂപപ്പെടുത്തുക.

4. ജൻ വിശ്വാസ് ബിൽ 2.0: വിവിധ നിയമങ്ങളിലെ 100ലധികം വ്യവസ്ഥകൾ ഒഴിവാക്കുക.

**പരോക്ഷ നികുതിയിലെ നിർദ്ദേശങ്ങൾ**

1. ഏഴ് താരിഫുകൾ നീക്കം ചെയ്യുക.

2. ഫലപ്രദമായ തീരുവകൾ നിലനിർത്തുന്നതിന് ഉചിതമായ സെസ്

ഏർപ്പെടുത്തുക.

3. ഒന്നിലധികം സെസ് അല്ലെങ്കിൽ സർചാർജ് ഈടാക്കരുത്.

❖ **ഓരോ മേഖലയിലേക്കും പരോക്ഷ നികുതി പരിഷ്ക്കാര നിർദ്ദേശങ്ങൾ:** രാജ്യത്ത് ബാറ്ററി ഉൽപാദനം വർധിപ്പിക്കുന്നതിനും വൈദ്യുതവാഹനങ്ങൾക്കും മൊബൈൽ ബാറ്ററി ഉൽപ്പാദനത്തിനുമുള്ള അധിക മൂലധനസാമഗ്രികൾക്കും ഇളവ്, കപ്പൽ നിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ, ഘടകങ്ങൾ, ഉപഭോഗവസ്തുക്കൾ അല്ലെങ്കിൽ ഭാഗങ്ങൾ എന്നിവയ്ക്ക് അടുത്ത പത്ത് വർഷത്തേക്ക് ബേസിക് കസ്മസ് ഡ്യൂട്ടി (BCD) ഇളവ് നൽകും, കരകൗശല വസ്തുക്കളുടെ കയറ്റുമതി സുഗമമാക്കുന്നതിനും മൂല്യവർധിത തൊഴിലിനുമായി വെറ്റ് ബ്ലൂ ലെതറിന്റെയും BCD ഒഴിവാക്കി, അർബുദം, അപൂർവ രോഗങ്ങൾ, വിട്ടുമാറാത്ത രോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കുള്ള 36 ജീവൻരക്ഷാമരുന്നുകൾക്കും മറ്റു മരുന്നുകൾക്കും ബിസിഡി ഇളവ്.

❖ **പ്രത്യക്ഷ നികുതിയിലെ നിർദ്ദേശങ്ങൾ:** പുതിയ നികുതിവ്യവസ്ഥയിൽ പ്രതിവർഷം 12 ലക്ഷം രൂപ വരെ വരുമാനം ഉള്ളവർ ആദായനികുതി അടയ്ക്കേണ്ടതില്ല, ശമ്പളകാർക്ക് 12.75 ലക്ഷം വരെ ഇളവ്.

**പുതിയ താരിഫ്**

0 - 4 ലക്ഷം - നികുതി ഇല്ല

4 - 8 ലക്ഷം - 5% നികുതി

8 - 12 ലക്ഷം - 10% നികുതി

12 - 16 ലക്ഷം - 15% നികുതി

16 - 20 ലക്ഷം - 20% നികുതി

20 - 24 ലക്ഷം - 25% നികുതി

24 ലക്ഷം > - 30% നികുതി

❖ മുതിർന്ന പൗരന്മാർക്ക് ലഭിക്കുന്ന പലിശയിൽ നിന്നുള്ള നികുതി കിഴിവ് പരിധി ബജറ്റിൽ ഇരട്ടിയാക്കി. അതായത് നിലവിലുള്ള 50,000 ൽ നിന്ന് 1 ലക്ഷമാക്കി ഉയർത്തി.

TDS (Tax Deducted at Source) and TCS (Tax Collected at Source)

❖ വാടകയുടെ TDS പരിധി പ്രതിവർഷം 2.4 ലക്ഷത്തിൽ നിന്ന് 6 ലക്ഷമായി ഉയർത്തി. TCS പരിധി 10 ലക്ഷമായി ഉയർത്തുക.

SSC RRB EXAMS

- TDS/ TCS പേയ്മെന്റുകളിലെ കാലതാമസം ഇപ്പോൾ ക്രിമിനൽ കുറ്റമല്ലാതായിതീർന്നു.
- പുതുക്കിയ റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി, നിലവിലെ രണ്ട് വർഷത്തെ പരിധിയിൽ നിന്ന് നാല് വർഷമായി നീട്ടി.

**വരുമാനം**

- കടമെടുക്കലും മറ്റ് ബാധ്യതകളും - 24%
- ജിഎസ്ടിയും മറ്റ് നികുതികളും - 18%
- കോർപ്പറേഷൻ നികുതി - 17%
- നികുതിയേതര രസീതുകൾ - 9%
- യൂണിയൻ എക്സൈസ് തീരുവ - 5%
- കസ്റ്റംസ് - 4%
- കടമില്ലാത്ത ക്യാപിറ്റൽ രസീതുകൾ - 1%

**ചെലവ്**

- സംസ്ഥാനങ്ങളുടെ നികുതി വിഹിതം - 22%
- പലിശയടവ് - 20%
- സെൻട്രൽ സെക്ടർ സ്കീം (പ്രതിരോധത്തിന്റെയും സബ്സിഡിയുടെയും മൂലധന വിഹിതം ഒഴികെ) - 16%
- കേന്ദ്രാവിഷ്കൃത പദ്ധതി - 8%
- ധനകാര്യ കമ്മീഷനും മറ്റ് കൈമാറ്റങ്ങളും - 8%
- പ്രതിരോധം - 8%
- മറ്റ് ചെലവുകൾ - 8%
- പ്രധാന സബ്സിഡികൾ - 6%
- പെൻഷനുകൾ - 4%

**പ്രധാന ഡിപ്പാർട്ട്മെന്റ്കളുടെ ചെലവ് (കൂടുതൽ കുറവിലേക്ക്)**

1 . പ്രതിരോധം

2 . ഗ്രാമീണ വികസനം

3 . ആഭ്യന്തരകാര്യങ്ങൾ

4 .കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും

5 .വിദ്യാഭ്യാസം

6 . ആരോഗ്യം

SSC RRB EXAMS

7 .നഗര വികസനം

8 . ഐടി, ടെലികോം

9 . ഊർജ്ജം

❖ 2025 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നത് 4.8% ധനക്കമ്മി ലക്ഷ്യമിടുന്നത് 2026 സാമ്പത്തിക വർഷത്തിൽ 4.4% ആയി കുറയ്ക്കൽ.

SSC RRB EXAMS